## സ്വർഗ്ഗം തേടി

സ്വർഗ്ഗം തേടിയലയുന്ന മാനവരേ,
നരകീയതയിലാഴുന്നുവോ?
വെളിച്ചത്തിൽ തപ്പിത്തടയും അന്ധരേ,
ഇരുളിൽ ആഴത്തിൽ വീണുപോയോ?

മറുകര കാണാതുഴറും വഞ്ചിക്കാരാ,
പങ്കായവും, പായയും കൈവിട്ടോ?
ഉയരത്തിലേക്കുയർന്ന ശലഭമേ,
വർണ്ണചിറകുകൾ കരിഞ്ഞുപോയോ?

വിധിതൻ കൈയ്യിലെ കളിക്കോപ്പുകൾ നാം,
ജീവിതം ഒരു പേക്കിനാവുമാത്രം;
സ്നേഹിക്കാനാവുന്നില്ലയൽക്കാരനെ;
പൊറുക്കാനാവുന്നില്ലവന്റെ തെറ്റുകൾ.

സത്യം, വിശുദ്ധി, വാക്കിലെ കസർത്തുകൾ,
നിത്യം അണിയുന്നു പൊയ്മുഖങ്ങൾ,
വെറുക്കുന്നു നീ നിൻ കൂടപ്പിറപ്പിനെ;
തട്ടിയെടുക്കുന്നവന്റെ അർത്ഥങ്ങൾ.

അപഹരിക്കുന്നു അന്യന്റെ നന്മകൾ,
കൈക്കലാക്കാൻ കെണികൾ വെയ്ക്കുന്നു,
നീതിതന്നുറവകൾ വറ്റിവരണ്ടു;
നിന്നിലെ നിന്നെ നീ ഹനിച്ചുപോയ്.

കണ്ടില്ലെന്നു മനസ്സാ നടിച്ചു മൂല്യം,
കണ്ടിട്ടും കാണാതെ കണ്ണടച്ചു,
ദുർഗ്ഗം പണിയുവാൻ ഹോമിച്ചു പലതും;
നിപതിച്ചു പോയ് സത്യ വിശ്വാസം.



തിന്മകൾ തീർത്ത ശിലാഫലകം കണ്ട്,
പ്രവാചകന്മാർ പകച്ചുപോയ്;
കുരുതി കൊടുത്തീലേ നാമവരെയും,
അവരുടെ തത്വദീക്ഷകളും.

ദൈവത്തെപ്പോലും വിറ്റുകാശാക്കുന്നിവിടെ,
വാഗ്ധോരണികളാലേ ഭക്തർ;
ദേവാലയങ്ങളൊ ഒളിക്കാനൊരിടം;
ഭക്തി വെറുമൊരു മൂടുപടം.

ചിറകറ്റു വീണുപോയൊരാ പൈങ്കിളി,
അലറിക്കരഞ്ഞു തൻ പതനത്തിൽ,
പിന്നിലേക്ക് തിരിഞ്ഞുനോക്കി കണ്ടെത്തി,
ആ പഴയരൂപം, ശൈശവഭാവം,

സ്വർഗ്ഗം തന്നിൽതന്നെയാണെന്നറിഞ്ഞു,
മനസ്സിന്റെ നഭസാണു നന്മയെന്നും,
കർമ്മമാർഗ്ഗമൊന്നു മാത്രമാണു മോക്ഷം,
അതു താൻ മാനവധർമ്മത്തിൻ സത്ത.